## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1716** — **14.08.2017-ൽ മറുപടിക്ക്**

### ഒരു കോടി വൃക്ഷതൈകൾ നടുന്നതുമായി ബന്ധപ്പെട്ട പരസ്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.പി. സജീന്ദ്രൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഒരു കോടി വൃക്ഷതൈകൾ നടുന്നതുമായി ബന്ധപ്പെട്ട് അച്ചടി-ദൃശ്യ-ശ്രവ്യ-ഓൺ ലൈൻ മാധ്യമങ്ങളിലൂടെ എത്ര കോടി രൂപയുടെ പരസ്യം നൽകി; | (എ) ഒരു കോടി വൃക്ഷതൈകൾ നടുന്നതുമായി ബന്ധപ്പെട്ട് വിവിധ മാധ്യമ സ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിച്ച് തുടങ്ങിയിട്ടേയുള്ളൂ. ബില്ലുകൾ പൂർണമായി ലഭ്യമായ ശേഷം കണക്ക് ക്രമീകരിച്ചാൽ മാത്രമേ കൃത്യമായ തുക കണക്കാക്കാൻ കഴിയൂ. |
| ബി) വൃക്ഷതൈകൾ നടുന്നതുമായി ബന്ധപ്പെട്ട് മൈത്രി തയ്യാറാക്കിയ നാല് കാൽ പേജ് പരസ്യങ്ങൾക്കും (പടം മാറ്റി ലേ ഔട്ട് - മാറ്റർ വ്യത്യാസമില്ലാതെ) ഫുൾ പേജ് ജാക്കറ്റ് പരസ്യത്തിനും ഡിസൈൻ ചാർജായി എത്ര രൂപയുടെ ബില്ലാണ് നൽകിയിട്ടുള്ളത്; | (ബി) വൃക്ഷതൈകൾ നടുന്നതുമായി ബന്ധപ്പെട്ട് മൈത്രി ബില്ലുകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. |
| സി) മൈത്രി എന്ന സ്വകാര്യ ഏജൻസിക്ക് 2016 മെയ് 25 മുതൽ 2017 മെയ് 24 വരെ എത്ര വർക്കുകൾ നൽകി; എത്ര കോടി രൂപയാണ് ഇതിന് നൽകേണ്ടി വരുക; ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വർക്കുകൾ നൽകിയത്; വെളിപ്പെടുത്താമോ? | (സി) 2016 മെയ് 25 മുതൽ 2017 മെയ് 24 വരെ പത്രപരസ്യങ്ങൾ ഡിസൈൻ ചെയ്യുന്നതിനായി 5 വർക്കുകൾ നൽകിയിട്ടുണ്ട്. കോസ്റ്റ് കമ്മിറ്റി കൂടി ബില്ലുകൾ വിശദമായി പരിശോധിച്ചതിന് ശേഷം മാത്രമേ അനുവദിക്കേണ്ട തുക നിശ്ചയിക്കാൻ കഴിയുകയുള്ളൂ. സർക്കാർ ഡിസൈൻ വർക്കുകൾക്കായി എംപാനൽ ചെയ്തിട്ടുള്ള ഏജൻസി എന്ന നിലയിലാണ് വർക്കുകൾ നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**